**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **07-12-2022 - ൽ മറുപടിയ്ക്ക്**

**മൃഗ സംരക്ഷണ മേഖലയിലെ നബാർഡ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗ സംരക്ഷണ മേഖലയിലെ നബാർഡ് പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം നിർത്തലാക്കിയത് ;വ്യക്തമാക്കുമോ; | (എ) | **മൃഗസംരക്ഷണ മേഖലയിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്ര സർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡയറി എന്റർപ്രനർഷിപ് ഡെവലപ്പ്മെന്റ് സ്കീം (DEDS) നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിലുള്ള എന്റർപ്രനർഷിപ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ (EDEG) എന്നീ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല.** |
| (ബി) | ചെറുകിട നാമമാത്ര കർഷകരെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത തീരുമാനം റദ്ദാക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇപ്രകാരം ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | **നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്ര സർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ